# വാഹന ചാർജിങ്ങും എസി ഉപയോഗവും 2027ൽ പീക് ലോഡ് 7000 മെഗാവാട്ട് കവിയും : ഇഎംസി റിപ്പോർട്ട്

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● 2027 ൽ സംസ്ഥാനത്ത് പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത 7000 മെഗാവാട്ട് കവിയുമെന്ന് എനർജി മാനേജ്മെന്റ് സെന്ററിന്റെ (ഇഎംസി) റിപ്പോർട്ട്. ഏറ്റവും ഉയർന്ന ആവശ്യകത ഇതുവരെ 5797 മെഗാവാട്ട് ആയിരുന്നു.

വൈദ്യുത വാഹന ചാർജിങ്, എസി എന്നിവയ്ക്കായിരിക്കും ഭാവിയിൽ പീക് സമയത്തെ വൈദ്യുതി ആവശ്യകതയുടെ 60% . ഈ വെല്ലുവിളി നേരിടാൻ ബാറ്ററിയിലെ വൈദ്യുതി സംഭരണം , ജലം വീണ്ടും പമ്പ് ചെയ്ത് ഉപയോഗിക്കാവുന്ന ജലവൈദ്യുത പദ്ധതികൾ എന്നിവ വ്യാപകമായി വേണമെന്നാണു ശുപാർശ. ഊർജ സംഭരണ സംവിധാനങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്താൻ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് അഡീഷനൽ ചീഫ് സെക്രട്ടറി കെ.ആർ.ജ്യോതിലാലിനു കൈമാറി. ഇപ്പോഴത്തെ പീക്ക് ഡിമാൻഡ് അനുസരിച്ച് 7 ജിഗാവാട്ടിൽ കൂടുതൽ ഊർജ സംഭരണ ശേഷി സംസ്ഥാനത്തു വേണം. നിലവിലെ വൈദ്യുതി സംഭരണ സംവിധാനങ്ങളിൽ സൗരോർജം ഉപയോഗിക്കുന്നത് ചെലവ് കുറയ്ക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.

REDMI NOTE 5 PRO
MI DUAL CAMERA